(ഡി) ഉണ്ടെങ്കിൽ ഇവിടെ ഒരു സ്ഥിരം കേരളഗ്രാമം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) കോവളത്ത് 'ഗ്രാമം-കേരള' വില്ലേജ് ഫെയർ ആരംഭിച്ചത് 1995-ൽ ആണ്.

(ബി) ഇതേവരെ 68,94,461 രൂപ (അറുപത്തിഎട്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി നാനൂറ്റി അറുപത്തി ഒന്ന് രൂപ) ഇതിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. (കണക്കുകൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ കണക്ക് അന്തിമമല്ല).

(സി & ഡി) ഈ പരിപാടി 1995 മുതൽ നടത്തിവരുന്നുണ്ട്. സ്ഥിരം കേരളഗ്രാമം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

കന്റോൺമെന്റ് ഹൗസ് വളപ്പിൽ അനധികൃത നിർമ്മിതി പൊളിച്ചുമാറ്റാൻ നിർദ്ദേശം

144 (3334) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്റോൺമെന്റ് ഹൗസ് വളപ്പിൽ മതിലിനുമുകളിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ ടൂറിസം വകുപ്പ് നല്കിയ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് ആ നിർദ്ദേശം നടപ്പാക്കി ഇനിയും ഇത്തരം അനധികൃത കൈയേറ്റം ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?;

ഉത്തരം

(എ & ബി) കന്റോൺമെന്റ് വളപ്പിലെ മതിലിനു മുകളിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റണമെന്ന് നഗരസഭാധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ അത് പൊളിച്ചുമാറ്റിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കാൻ തദ്ദേശഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. നഗരസഭാധികൃതരാണ് ഇത്തരം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റേണ്ടത്.

ചന്ദ്രഗിരിക്കോട്ട ഏറ്റെടുക്കാൻ നടപടി

145 (3335) ശ്രീ. പി. രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രമായി വിസ്പ്പിക്കുന്നതിനായി ചന്ദ്രഗിരിക്കോട്ട ഏറ്റെടുക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly